കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)ന്റെ നടപടിക്രമം
സംക്ഷിപ്തം

ഗുരുതരമായ കൃത്യവിലോപവും, ചട്ടലംഘനവും- 25.12.2018 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന - നോർത്ത് പറവൂർ യൂണിറ്റിലെ റിസർവ്വ് കണ്ടക്ടർ ശ്രീ.സെയ്ദലവി.കെ.പി.യ്ക്കെതിരായ അച്ചടക്കനടപടി- സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ്.

=====================================================================

വിജിലൻസ് വിഭാഗം

നമ്പർ.വി.എൽ.ഡി.1 /09409/2019(A&VB4) തിരുവനന്തപുരം, തീയതി: 31.05.2023

സൂചന:-1. E1/263/19/N.PRVR 01.02.2019 തീയതിയായി നോർത്ത് പറവൂർ യൂണിറ്റധികാരി സമർപ്പിച്ച റിപ്പോർട്ട്.
2. ഇതേ നമ്പർ പ്രകാരമുള്ള 30.07.2019-ലെ കുറ്റപത്രം.
3. 30.10.2021-ലെ വിശദാന്വേഷണ റിപ്പോർട്ട്.
4. 06.09.2022-ലെ കാരണം കാണിക്കൽ നോട്ടീസ്.

ഉത്തരവ്

നോർത്ത് പറവൂർ ഡിപ്പോയിലെ റിസർവ്വ് കണ്ടക്ടർ ശ്രീ.കെ.പി.സെയ്ദലവി 25.12.2018 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയിൽനിന്നും വിട്ടു നിൽക്കുന്നത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്കലംഘനവുമാണ്. ആയത് സർവ്വീസ് നടത്തിപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതുമാകയാൽ ശ്രീ.സെയ്ദലവി.കെ.പി.-യ്ക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ച് 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 30.07.2019 തീയതിയായി സൂചന (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയുണ്ടായി. കുറ്റപത്രം 02.12.2019 തീയതിയായി കൈപ്പറ്റിയതായുള്ള അക്നോളജ്മെന്റ് കാർഡ് പോസ്റ്റൽ വിഭാഗത്തിൽ നിന്നും ലഭ്യമായിട്ടുള്ളതുമാണ്. എന്നാൽ ടിയാൻ കുറ്റപത്രത്തിന്മേൽ യാതൊരു വിശദീകരണവും സമർപ്പിച്ചിട്ടില്ല. തുടർന്ന് ചട്ടം 15 അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിനായി (Formal Enquiry) യൂണിറ്റ് ഓഫീസർ, മൂവാറ്റുപുഴയെ എൻക്വയറി ഓഫീസറായി ചുമതലപ്പെടുത്തുകയും വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണാധികാരി, താങ്കൾ ബന്ധപ്പെട്ട അധികാരികളുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ 25.12.2018 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകവഴി ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും നടത്തിയതായി കാണുന്നതിനാൽ കുറ്റക്കാരനായി കണ്ടെത്തി സൂചന (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് 23.11.2021 തീയതിയായി അയച്ചു നൽകിയിട്ടുള്ളതും ടി റിപ്പോർട്ടിന്റെ പകർപ്പ് 03.12.2021 തീയതിയായി താങ്കൾ കൈപ്പറ്റിയതായിട്ടുള്ള അക്നോളജ്മെന്റ് കാർഡ് പോസ്റ്റൽ വിഭാഗത്തിൽ നിന്നും ലഭ്യമായിട്ടുള്ളതും വിശദീകരണം സമർപ്പിച്ചിട്ടില്ലാത്തതുമാണ്. വിശദീകരണം സമർപ്പിച്ചിട്ടില്ലാത്തതിനാൽ താങ്കൾക്ക് യാതൊരു എതിർ അഭിപ്രായവും ഇല്ലായെന്ന് അനുമാനിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ഈ കേസുമായി ബന്ധപ്പെട്ട രേഖകളും പരിശോധിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് പൂർണ്ണമായും യോജിക്കുന്നു. ദീർഘകാലം അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിലൂടെ താങ്കളുടെ സേവനം കോർപ്പറേഷന് ലഭിക്കാതിരിക്കുകയും താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. കോർപ്പറേഷന്റെ അവധി ചട്ടങ്ങളുടെ ലംഘനമാണ് താങ്കളുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. ഒരു റിസർവ്വ് ജീവനക്കാരൻ നിരീക്ഷണ കാലഘട്ടത്തിൽ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നത് താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാവുന്ന ഗൗരവം അർഹിക്കുന്ന കുറ്റമാണ്.

25.12.2018 മുതൽ അനധികൃതമായി ജോലിയിൽനിന്നും വിട്ടു നിൽക്കുന്നു. കോർപ്പറേഷന്റെ താൽപ്പര്യങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം ജീവനക്കാരെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നത് അഭികാമ്യമല്ല എന്ന് കണ്ട് 1960-ലെ കേരളാ സിവിൽ സർവ്വീസുകൾ (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ **(Removal from Service)** ഉദ്ദേശിക്കുന്നതായി കാണിച്ച് സൂചന (4) പ്രകാരം 06.09.2022 തീയതിയായി ഒരു കാരണം കാണിക്കൽ നോട്ടീസ് താങ്കൾക്ക് നൽകിയിട്ടുള്ളതും ആയത് 17.10.2022 തീയതിയായി കൈപ്പറ്റിയിട്ടുള്ളതിന്റെ അക്നോളജ്മെന്റ് കാർഡ് പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിട്ടുള്ളതും മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്. കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ശിക്ഷയിൽ ഇളവ് നൽകുവാൻ പര്യാപ്തമായ കാരണങ്ങളൊന്നും കാണുന്നില്ല. നാളിതുവരെ താങ്കൾക്കെതിരെയുള്ള കുറ്റാരോപണങ്ങളിൽ ഒരു തരത്തിലുള്ള വിശദീകരണവും താങ്കൾ നൽകിയതായി കാണുന്നില്ല.

Contd-----------2/-

സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ഒരു ജീവനക്കാരൻ / ജീവനക്കാരി അവധിയിൽ പ്രവേശിക്കുമ്പോൾ യഥാസമയം ലീവപേക്ഷ സമർപ്പിച്ച് ബന്ധപ്പെട്ട അധികാരിയിൽ നിന്നും അനുവാദം വാങ്ങണം. മാത്രവുമല്ല മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലുള്ള ലീവപേക്ഷ ആണെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റും ലീവപേക്ഷയോടൊപ്പം നൽകണമെന്നാണ് വ്യവസ്ഥ.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നോർത്ത് പറവൂർ ഡിപ്പോയിലെ റിസർവ്വ് കണ്ടക്ടർ ശ്രീ.സെയ്ദലവി.കെ.പി.യ്ക്ക് 1960-ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Removal from Service) താൽക്കാലികമായി എടുത്ത തീരുമാനം അന്തിമമാക്കി താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (Removal from service) ഇതിനാൽ ഉത്തരവാകുന്നു.

എ. [illegible]
(ഗവ. ജോയിന്റ് സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്:
ശ്രീ.സെയ്ദലവി.കെ.പി., റിസർവ്വ് കണ്ടക്ടർ, നോർത്ത് പറവൂർ.
(ജില്ലാ അധികാരി, എറണാകുളം മുഖാന്തിരം)

പകർപ്പ്: ജില്ലാ അധികാരി, എറണാകുളം - ടി ഉത്തരവ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പ് വാങ്ങി തിരിച്ചയക്കേണ്ടതും ടിയാന്റെ സർവ്വീസ് ബുക്കിലും പണിഷ്മെന്റ് രജിസ്റ്ററിലും ശിക്ഷാവിവരം രേഖപ്പെടുത്തേണ്ടതും, വിവരം ജി സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.
പി.എസ്.ടു. സി.എം.ഡി./ സ്റ്റെനോ ടു ഇ.ഡി.വി/സ്റ്റെനോ ടു ഇ.ഡി.എ/ജനറൽ സെക്ഷൻ/പേയ്മെന്റ് സെൽ/പി.എഫ്.സെക്ഷൻ/ഇ.ഡി.പി.സി./ഗ്രഡേഷൻ/പെൻഷൻ സെക്ഷൻ/എല്ലാ ജില്ലാ/യൂണിറ്റ് അധികാരികൾക്കും, A&V സെക്ഷൻ
ആഡിറ്റ് ഓഫീസർ/സ്റ്റോക്ക് ഫയൽ/ഫയൽ

BSA